ആന എഴുന്നെള്ളത്തിന് നിയന്ത്രണം

101 (1036) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ സമ്മേളനങ്ങൾ, ഉത്സവം, നേർച്ച തുടങ്ങിയ ആഘോഷങ്ങൾക്ക് എഴുന്നെള്ളത്തിനായി ആനകളെ യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്നത് നിത്യേന അപകടങ്ങൾക്കും മറ്റും കാരണമാകുന്നത് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വർഷം ഇങ്ങനെ അപകടങ്ങൾ ഉണ്ടായി എത്ര പേർ മരിച്ചു ;

(സി) ആനകളെ എഴുന്നെള്ളത്തിന് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ പാലിക്കേണ്ടതുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ;

(ഇ) മയക്കുവെടി വയ്ക്കുന്ന ഡോക്ടർമാർ സ്ഥലത്തുണ്ടാകണം എന്ന് വ്യവസ്ഥയുണ്ടോ ;

(എഫ്) നിലവിൽ നിബന്ധനകൾ ഇല്ലെങ്കിൽ ജീവനും സ്വത്തിനും ഉള്ള നാശനഷ്ടം കണക്കിലെടുത്ത് നിബന്ധനകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിത്യേന അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2000 വർഷത്തിൽ ഇത്തരത്തിൽ 2 പേർ മരിച്ചതായി അറിയുന്നു.

(സി & ഡി) ഇപ്പോഴുള്ള വന്യജീവി നിയമപ്രകാരം അത്തരം നിബന്ധനകൾ നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ചു വരുന്നു.

സ്ത്രീപീഡന-പെൺവാണിഭ കേസ്സുകൾ വിചാരണ ചെയ്യാൻ സ്പെഷ്യൽ കോടതി

102 (1037) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീപീഡന-പെൺവാണിഭ കേസുകൾ വിചാരണ ചെയ്യുന്നതിനായി എത്ര സ്പെഷ്യൽ കോടതികൾ രൂപീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്തുതുക ചെലവഴിച്ചിട്ടുണ്ട് ;

(സി) സ്പെഷ്യൽ കോടതികളിലും മറ്റ് കോടതികളിലുമായി ഇപ്പോൾ എത്ര കേസുകൾ വിചാരണയിലുണ്ട് ;

(ഡി) കഴിഞ്ഞ 56 മാസത്തിനുള്ളിൽ കേരളത്തിൽ എത്ര സ്ത്രീപീഡന-പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) ഇവയിൽ എത്ര കേസുകൾ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ചെയ്തിട്ടുണ്ട് ;

(എഫ്) സ്ത്രീപീഡന-പെൺവാണിഭക്കേസുകൾ അന്വേഷിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം കേന്ദ്രമാക്കി ഒരു സ്പെഷ്യൽ കോടതി രൂപീകരിച്ചിട്ടുണ്ട്. സൂര്യനെല്ലിക്കേസിന്റെ വിചാരണ പൂർത്തിയാക്കിയശേഷം വിതുര-കേസ്, പന്തളം കേസ് എന്നിവ സ്പെഷ്യൽ കോടതിയിൽ വിചാരണ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പ്രീകലയുടെ മാതാവിന്റെ നിവേദനം

103 (1038) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ നൂറനാട് വില്ലേജിൽ പുലിമേൽ മുറിയിൽ കലാഭവനത്തിൽ ഓമനയുടെ മകൾ പ്രീകല എന്ന ഹരിജൻ യുവതിയെ ജോലി വാഗ്ദാനം ചെയ്ത് ചെന്നൈയിലേക്ക് പറഞ്ഞയച്ചതുമായി ബന്ധപ്പെട്ട് മകളെ തിരിച്ചുകിട്ടുന്നതിനുവേണ്ടി. മാതാവ് ഓമന ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) സ്ത്രീവാണിഭവുമായി ബന്ധപ്പെടുത്തി ഓമനയുടെ പരാതിയിന്മേൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെടുത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയെല്ലാമാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ഈ കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly